(സി) എല്ലാ വർഷവും നവംബർ 26-ാം തീയതി സ്ത്രീധന നിരോധന ദിനാചരണം ആചരിച്ചുവരുന്നുണ്ട്. അതിനോടനുബന്ധിച്ച് ബോധവൽക്കരണ ക്ലാസുകളും നടത്താറുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും കേരള വനിതാ കമ്മീഷൻ നടത്തുന്ന കലാലയജ്യോതി, വിവാഹപൂർവ്വ കൗൺസിലിംഗ്, സെമിനാറുകൾ തുടങ്ങിയവയിൽ ആഡംബര രഹിത വിവാഹം ഒരു വിഷയമായി ചർച്ച ചെയ്യാറുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ അംഗൻവാടികൾ

304 (3591) ശ്രീ. ഇ. കെ. വിജയൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര അംഗൻവാടികൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്നും എവിടെയൊക്കെയാണെന്നും ജില്ല തിരിച്ച് വിശദമാക്കാമോ ;

(ബി) പുതുതായി അംഗൻവാടി അനുവദിക്കാനുള്ള എത്ര പ്രൊപ്പോസലുകൾ പരിഗണനയിലുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 329 അങ്കണവാടികൾ അനുവദിക്കുന്നതിനായി അങ്കണവാടി ഓൺ ഡിമാന്റിൽ കേന്ദ്ര സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിക്കുകയും 203 അങ്കണവാടികൾ പുതുതായി ആരംഭിക്കുവാൻ അനുമതി ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. ആയത് ജില്ലകൾക്ക് വിഭജിച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) പുതുതായി 37 അങ്കണവാടികൾ അനുവദിക്കാനുള്ള പ്രൊപ്പോസലുകൾ പരിഗണയിലുണ്ട്. വിശദവിവരം അനുബന്ധമായി ചേർക്കുന്നു.*

മാതൃക അംഗൻവാടികൾ

305 (3592) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ ;

(എ) മാതൃകാ അംഗൻവാടികൾ അനുവദിച്ച് ഉത്തരവായിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഉണ്ടെങ്കിൽ കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണെന്ന് വ്യക്തമാക്കാമോ ? ഇവയുടെ പ്രവർത്തനം വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly